**പതിമൂന്നാം കേരള നിയമസഭ**
**ആറാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 3396** **21-12-2012 - ലെ മറുപടിയ്ക്ക്**

# കുട്ടനാട് പാക്കേജുമായി ബന്ധപ്പെട്ട് സ്വീകരിച്ച നടപടി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.സി.ദിവാകരൻ<br>'' കെ.രാജു<br>ശ്രീമതി.ഇ.എസ്.ബിജിമോൾ<br>ശ്രീ.ഇ.ചന്ദ്രശേഖരൻ | ശ്രീ. കെ.പി.മോഹനൻ<br>(ബഹു. കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പു മന്ത്രി) |
| (എ) ഡോക്ടർ സ്വാമിനാഥൻ റിപ്പോർട്ട് പ്രകാരമുള്ള കുട്ടനാട് പാക്കേജ് കേന്ദ്രസർക്കാർ അംഗീകരിച്ചിട്ടുണ്ടോ;<br><br>(ബി) ഉണ്ടെങ്കിൽ അതിൻപ്രകാരം കേന്ദ്രത്തിൽ നിന്നും സഹായം ലഭിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ എന്തെല്ലാം സഹായമാണ് ലഭിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; | (എ) & (ബി) ഉണ്ട്, പ്രൊഫ. എം.എസ്.സ്വാമിനാഥൻ റിപ്പോർട്ട് പ്രകാരമുള്ള 1840 കോടി രൂപയുടെ കുട്ടനാട് പാക്കേജിന് 2008 ജൂലൈ 24 ന് കേന്ദ്ര കാബിനറ്റിന്റെ അംഗീകാരം ലഭിക്കുകയും അതിൻപ്രകാരം കേന്ദ്ര സംസ്ഥാന പദ്ധതികളിൻ കീഴിൽ നാളിതുവരെ 231.01 കോടി രൂപ റിലീസ് ചെയ്തിട്ടുള്ളതും 136.54 കോടി രൂപ വിനിയോഗിച്ചിട്ടുള്ളതുമാണ്. വിശദ വിവരങ്ങൾ അടങ്ങിയ റിപ്പോർട്ട് അനുബന്ധമായി ചേർക്കുന്നു. |
| (സി) പ്രസ്തുത പാക്കേജുമായി ബന്ധപ്പെട്ട് സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ? | (സി) കുട്ടനാട് പാക്കേജുമായി ബന്ധപ്പെട്ട് സ്വീകരിച്ച നടപടികളുടെ വിശദ വിവരങ്ങൾ ചുവടെ ചേർക്കുന്നു.<br>1) 2008 ജൂലൈയിൽ കേന്ദ്ര സർക്കാരിന്റെ അംഗീകാരം ലഭിച്ചതിനു ശേഷം പാക്കേജിന്റെ നിർവ്വഹണ പുരോഗതി വിലയിരുത്തുന്നതിനായി സംസ്ഥാന സർക്കാർ 3 കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ട്.<br>a) ബഹു. മുഖ്യമന്ത്രി അദ്ധ്യക്ഷനായ പ്രോസ്പിരിറ്റി കൗൺസിൽ.<br>b) ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായ കോ-ഓർഡിനേഷൻ കമ്മിറ്റി.<br>c) കാർഷികോൽപാദന കമ്മീഷണർ അദ്ധ്യക്ഷനായ Task Implementation Committee.<br>2) 50 ലക്ഷത്തിന് താഴെയുള്ള 4.65 കോടി രൂപയുടെ 17 പദ്ധതികൾക്ക് സംസ്ഥാന സർക്കാർ നിർവ്വഹണ അനുമതി നൽകുകയും ഇവ അവസാന ഘട്ടത്തിലുമാണ്. |

3) തണ്ണീർമുക്കം ബണ്ട് തോട്ടപ്പള്ളി സ്പിൽവേയുടെ നവീകരണത്തിനുള്ള പ്രവൃത്തിയുടെ ഭാഗമായി ഇവയുടെ പഠനം IIT ചെന്നൈയും CWRDM കോഴിക്കോടിനെയും ചുമതലപ്പെടുത്തി ഒരു Memorandum of Understanding (MOU) 2009 ജൂണിൽ ഒപ്പുവെച്ചു. ഇതിന്റെ അടിസ്ഥാനത്തിൽ 2010 ജനുവരിയിൽ ഒരു ഇടക്കാല റിപ്പോർട്ടു ലഭിച്ചു. അന്തിമ പഠന റിപ്പോർട്ട് 2011 ഡിസംബറിൽ ലഭിക്കുകയും അതിന്റെ അടിസ്ഥാനത്തിൽ തിരുവനന്തപുരം എൻജിനീയറിംഗ് കോളേജുമായി സഹകരിച്ച് 78.29 കോടി രൂപയുടെ ഡി.പി.ആർ. തയ്യാറാക്കി സംസ്ഥാന സാങ്കേതിക അനുമതി കമ്മിറ്റിയുടെ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്.

4) ഏ.സി. കനാലിന്റെ നിർമ്മാണത്തിനായിട്ടുള്ള സർവ്വേയ്ക്കും മണ്ണ് പരിശോധനയ്ക്കുമായി 12 ലക്ഷം രൂപ സംസ്ഥാന സർക്കാർ വകയിരുത്തി. ഇതിന്റെ ഭാഗമായി ഏ.സി.കനാലിന്റെ മനക്കൽച്ചിറ മുതൽ ഒന്നാംകര വരെയുള്ള 20.69 കോടി രൂപയുടെ ഒന്നാംഘട്ട പദ്ധതിയ്ക്ക് 13-ാം ധനകാര്യ കമ്മിഷൻ കീഴിൽ അനുമതി ലഭിച്ചിട്ടുണ്ട്. ടെൻഡർ നടപടികൾ ആരംഭിച്ചിട്ടുണ്ട്. രണ്ടാംഘട്ടമായ ഒന്നാംകര മുതൽ നെടുമുടി വരെയുള്ള പ്രദേശത്തിന്റെ ഡി.പി.ആർ. തയ്യാറാക്കി വരുന്നു.

5) ഇറിഗേഷൻ വകുപ്പിൻ കീഴിൽ വരുന്ന പ്രവൃത്തികളുടെ സുഗമമായ നിർവ്വഹണത്തിനായി ചീഫ് എൻജിനീയർ തലവനായി പാക്കേജിന് മാത്രമായി ഒരു ഇറിഗേഷൻ സർക്കിൾ സംസ്ഥാന സർക്കാർ രൂപീകരിച്ചിട്ടുണ്ട്.

6) പ്രൊഫ എം.എസ്.സ്വാമിനാഥൻ സമർപ്പിച്ച റിപ്പോർട്ട് പ്രകാരം ഇറിഗേഷൻ വകുപ്പിന്റെ അടങ്കൽ തുക 1518.50 കോടി രൂപയാണ്. എന്നാൽ നിലവിൽ 3669.08 കോടി രൂപയുടെ പദ്ധതികൾ ഇറിഗേഷൻ വകുപ്പ് തയ്യാറാക്കിയിട്ടുണ്ട്. അതായത് 2150.58 കോടി രൂപ വർദ്ധനവുണ്ടായിട്ടുണ്ട്. Flood Management Scheme പ്രകാരമാണ് ജലസേചന വകുപ്പിന്റെ പദ്ധതികൾക്ക് അനുമതി ലഭിച്ചിട്ടുള്ളത്. അധികരിച്ച തുക കണ്ടെത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. ഇതിനായി ബഹു. മുഖ്യമന്ത്രി, ബഹു. കൃഷി മന്ത്രി എന്നിവർ യോഗം ചേർന്ന് അവലോകനം നടത്തിയിട്ടുണ്ട്.

7) കുട്ടനാട് പാക്കേജിൻ കീഴിൽ

നടപ്പിലാക്കുന്ന പ്രവൃത്തികൾ സുതാര്യമാക്കുന്നതിന്റെ . ഭാഗമായി ഒരു വെബ്സൈറ്റ് രൂപീകരിച്ചിട്ടുണ്ട്. www.kuttanad package.in

8) പാക്കേജിൻ കീഴിൽ വരുന്ന പ്രവർത്തനങ്ങൾ കർഷകർക്ക് ലഭ്യമാക്കുന്നതിനായി റേഡിയോ കുട്ടനാട് ആരംഭിക്കുന്നതിനായി നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

9) പാക്കേജിൻ കീഴിൽ കാർഷിക ഉപകരണങ്ങൾ കർഷകർക്ക് ലഭ്യമാക്കുന്നതിന് സർക്കാർ നടപടി സ്വീകരിച്ചിട്ടുണ്ട്. പാക്കേജിൻ കീഴിൽ നാളിതുവരെ 150 കൊയ്ത്ത് മെതിയന്ത്രങ്ങൾ, 50 ടില്ലറുകൾ, 50 ട്രാക്ടറുകൾ തുടങ്ങിയവ ലഭ്യമാക്കിയിട്ടുണ്ട്. 328 പെട്ടി പറ ലഭ്യമാക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്.

പാക്കേജിൻ കീഴിൽ മുഖ്യ നിർവ്വഹണ വകുപ്പ് ജലസേചന വകുപ്പാണ്. മറ്റ് നിർവ്വഹണ വകുപ്പുകൾ അനുബന്ധമായി ചേർത്തിട്ടുള്ള സ്റ്റാറ്റസ് റിപ്പോർട്ട് പ്രകാരമുള്ള പ്രവർത്തികൾ നടപ്പിലാക്കി വരുന്നു. ജലസേചന വകുപ്പിന്റെ പദ്ധതികൾ ഒഴികെ മറ്റ് വകുപ്പുകൾ വഴി നടപ്പിലാക്കി വരുന്ന പദ്ധതികൾ ഭൂരിഭാഗവും പൂർത്തീകരിച്ചു കഴിഞ്ഞു.

**സെക്ഷൻ ഓഫീസർ**

**അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്**